ശ്രദ്ധിച്ചിട്ടുണ്ടോ? കണ്ണുപൊട്ടന്മാരും അംഗവൈകല്യമുള്ളവരുമായി കാണുന്ന യാചകരിൽ തൊണ്ണൂററിഅഞ്ചുശതമാനവും നമ്മുടെ സഹോദരീ സഹോദരന്മാരാണ്. അംഗസംഖ്യയിൽ നാം ന്യൂനപക്ഷമാണെങ്കിലും അംഗവൈകല്യത്തിൽ നാം ബഹുഭൂരിപക്ഷമാണെന്നു പറയാം. അതുപോലെ പല മാറാവ്യാധികളും മാനസിക രോഗങ്ങളും അധികം കണ്ടുവരുന്നതും നമ്മുടെയിടയിലാണ്. എന്താണിതിനെല്ലാം കാരണമെന്നു ചിന്തിക്കേണ്ടതല്ലേ? ആരോഗ്യപരമായ കാര്യങ്ങളിലുള്ള അശ്രദ്ധയും അറിവില്ലായ്മയുമാണ് ഇതിനെല്ലാം പ്രധാന കാരണം എന്നു പറയാം— സ്ത്രീ ഗർഭിണി ആവുന്നതോടെ അവർ അനുഷ്ഠിക്കേണ്ടുന്ന മുറകളെപ്പററി നമ്മുടെ മിക്ക സ്ത്രീകൾക്കും അറിഞ്ഞു കൂടാ. പിഞ്ഞാണം എഴുതികുടിക്കലാണ് പലേടത്തും സുഖപ്രസവത്തിനുള്ള പരിപാടിയായി ഗണിച്ചുവരുന്നത്! ചികിത്സക്കു പകരം മന്ത്രവും ജപവും പുത്തൻപള്ളിയും പഴയജാറവുമായി കഴിയുന്നു. ഗർഭിണിക്കും കുട്ടിക്കും അവസരോചിതവും അവശ്യവുമായ വൈദ്യസഹായം നല്കുന്നതിനു പകരം ഇത്തരം കുറുക്കുവഴികൾ സ്വീകരിക്കുമ്പോൾ സ്വാഭാവികമായും വൈകല്യങ്ങൾ വരാതിരിക്കില്ല. അപകടകരങ്ങളായ ഇത്തരം അന്ധവിശ്വാസങ്ങളെ പ്രോത്സാഹിപ്പിച്ച് ഉദരപൂരണം നടത്തുന്ന പണ്ഡിതനാമധാരികൾക്ക് സമൂഹത്തിൽ സ്വാധീനവും സ്ഥാനവും ഉള്ളടത്തോളം കാലം നമ്മുടെ ജനത ആരോഗ്യമില്ലാത്തവരും വികലാംഗരും രോഗികളുമായി കഴിയേണ്ടിവരും.

വിദ്യാഭ്യാസപരവും സാമ്പത്തികവുമായ നമ്മുടെ പിന്നോക്കാവസ്ഥയിൽ പരിതപിക്കയും അതിൻെറ നിവാരണത്തിനായി പരിശ്രമിക്കയും ചെയ്യുന്ന പല സംഘടനകളും ഇന്നു സമുദായത്തിലുണ്ട്. എന്നാൽ ആരോഗ്യരംഗത്തെ പിന്നോക്കാവസ്ഥയെപ്പററി വേണ്ടത്ര ചിന്തയും ചർച്ചയും നടക്കുന്നില്ല എന്നത് ഖേദകരമാണ്. ഈ രംഗത്തു പ്രവർത്തിക്കുന്ന ഒരു സ്ഥിരം വേദി തന്നെ ഇന്നു നമുക്ക് ആവശ്യമാണ്. ഗ്രാമങ്ങൾതോറും ക്ലാസ്സുകളും, സെമിനാറുകളും, പ്രഭാഷണങ്ങളും, പ്രദർശനങ്ങളും നടത്തി ജനങ്ങളിൽ ആരോഗ്യസംരക്ഷണബോധം വളർത്തേണ്ടതുണ്ട്. സ്ത്രീകൾക്കായി ഗർഭകാലത്ത് അനുഷ്ഠിക്കേണ്ട മുറകൾ, പ്രസവാനന്തര മുറകൾ, ശിശുപരിപാലനം, പ്രഥമ ശുശ്രൂഷ തുടങ്ങിയ വിഷയങ്ങളിൽ പ്രത്യേക ക്ലാസ്സുകൾ നല്കേണ്ടതാണ്. അങ്ങിനെ ഭാവി തലമുറയെങ്കിലും ആരോഗ്യസമ്പത്തോടെ വളരട്ടെ. ആരോഗ്യദൃഢമായ ശരീരത്തിനു മാത്രമേ ശക്തമായ ഒരു മനസ്സിനെ സൂക്ഷിക്കുവാൻ സാധിക്കയുള്ളു. ●

Hijra 42
VL No 4 Issue 6
June 1985

# പ്രാചീന മുസ്‌ലിം വിജ്ഞാന കേന്ദ്രങ്ങൾ

ആധുനിക മുസ്ലിം സമുദായത്തിൻെറ വിദ്യാഭ്യാസ നിലവാരത്തിലേക്കു കണ്ണോടിക്കുമ്പോൾ, പാശ്ചാത്യ രാജ്യങ്ങളിലെ ഭരണാധികാരികൾക്ക സ്വന്തം പേരെഴുതാൻ പോലും അറിഞ്ഞുകൂടാതിരുന്നഒരു കാലത്ത് വിജ്ഞാന ദീപം കൈയിലേന്തി ലോകമൊട്ടുക്കും വെളിച്ചം പരത്തിയ ഒരു ഉജ്ജ്വല സമുദായത്തിൻെറ അനന്തരഗാമികളാണ് നമ്മളെന്ന പരമാർത്ഥം വിശ്വസിക്കാൻ പ്രയാസമാണ്.

ഹിജ്റയുടെ ആദ്യനൂററാണ്ടു മുതൽ നാലാം നൂററാണ്ടുവരെ മുസ്ലിം ലോകത്താകമാനം വിജ്ഞാനത്തിൻെറ വേലിയേററമായിരുന്നു. പിന്നീടൊരിക്കലും ലോകം കണ്ടിട്ടില്ലാത്ത അത്രയധികം ചിന്തകന്മാർ, ദാർശനികന്മാർ, ശാസ്ത്രജ്ഞന്മാർ, ചരിത്രപണ്ഡിതന്മാർ, കലാകാരന്മാർ; സാഹിത്യകാരന്മാർ, കവികൾ എന്നിവരെ പ്രസ്തുത കാലയളവിൽ മുസ്ലിം സമുദായം ലോകത്തിനു കാഴ്ചവെക്കുകയുണ്ടായി. അന്നത്തെ വിദ്യാഭ്യാസസമ്പ്രദായം ഇക്കാലത്തെപ്പോലെ ക്രമീകൃതമോ, വ്യവസ്ഥാപിതമോ, ശാസ്ത്രീയമോ ആയിരുന്നില്ലെങ്കിലും അതു് അന്വേഷകന്മാരേയും വിജ്ഞാനികളേയും സംഭാവന ചെയ്തിരുന്നുവെന്നതു് ഒരത്ഭുതം തന്നെയാണ്. പണ്ഡിതന്മാരുടെ വീടുകളും പ്രാർത്ഥനക്കു ജനങ്ങൾ കൂടുന്ന പള്ളികളും അന്നത്തെ വിദ്യാഭ്യാസകേന്ദ്രങ്ങളായിരുന്നു.

വിശ്വവിഖ്യാതനായ ബഗ്ദാദിലെ ഖലീഫ ഹാറൂൺ റഷീദിൻെറ മകൻ മാമൂൻ റശീദിൻെറ ഭരണകാലത്ത് ബഗ്ദാദ്, ബസറ, കൂഫ, ബുഖാറ മുതലായ രാജ്യങ്ങളിൽ വലിയ പാഠശാലകൾ സ്ഥാപിച്ചു. ഹിജ്റ നാലാം നൂററാണ്ടിൽ ഈജിപ്തിലെ ഭരണാധികാരി അവിടെ ഒരു പാഠശാല സ്ഥാപിച്ചതായും ഒട്ടനവധി ഗ്ര

ന്ഥങ്ങൾ അവിടെ ശേഖരിച്ചുവെച്ചതായും അല്ലാമാ സുയൂത്തി പ്രസ്താവിക്കുന്നു. കൈറോവിലെ ഇന്നത്തെ വിശ്വവിശ്രുതമായ 'അൽ–അസ്ഹർ' യൂനിവേർസിററിയുടെ ആരംഭം അതായിരിക്കണം എന്നാണ് പണ്ഡിതന്മാരുടെ അഭിപ്രായം. ഏതായാലും പ്രസ്തുത പാഠശാലയുടെ ചരിത്രത്തോടെയാണ് മുസ്ലിം കലാലയങ്ങളുടെ ക്രമീകൃതമായ ചരിത്രം നമുക്ക് ലഭിക്കുന്നത്.

'വിഗ്രഹധ്വംസകൻ' എന്നു ചിത്രീകരിക്കപ്പെട്ടിരിക്കുന്ന സുൽത്താൻ മഹമൂദ്ഗസ്നി ഹിജ്റ 410-ാം വർഷം അത്യുന്നതമായ ഒരു പാഠശാല തലസ്ഥാനമായ 'ഗസനി'യിൽ സ്ഥാപിച്ചു. വിവിധഭാഷകളിലെ ഒട്ടധികം വിശിഷ്ടകൃതികൾ അവിടെ സജ്ജീകരിക്കുകയുമുണ്ടായി. 'സഅദിയ്യ, 'ബൈഹഖിയ്യ' എന്നീ പാഠശാലകൾ അക്കാലത്തെ വിശ്രുത വിജ്ഞാന കേന്ദ്രങ്ങളായിരുന്നു. ഹസ്രത്ത് ഇമാം ഗസ്സാലി(റ)ൻെറ ഗുരുനാഥനായ ഹസ്രത്ത് ഇമാമുൽ ഹറമൈനി(റ) 'ബൈഹഖിയ്യ' കലാലയത്തിലായിരുന്നു പഠിച്ചത്.

## നിസാമിയ്യ കലാലയം

വിശ്വവിശ്രുതമായിരുന്ന ഒരു വിജ്ഞാനകേന്ദ്രമായിരുന്നു നിസാമിയ്യ കലാലയം. ഹിജ്റ 457ൽ പ്രസ്തുത കലാലയത്തിനു് അന്നത്തെ ഭരണാധികാരി 'നിസാമുദ്ദീൻ തൂസി'യായിരുന്നു തുടക്കം കുറിച്ചത്. ബഗ്ദാദിലെ പ്രസ്തുത കലാലയം അബ്ബാസിയ്യ ഭരണാവസാനംവരെ വളരെയേറെ പ്രസിദ്ധിയുള്ളതായിരുന്നു. ഇമാംഗസ്സാലി, ഇമാംതിബ്രീ, ഇബ്നുൽഖത്തീബ്, ശൈഖ് അബ്ദുൽഖാദർ ജീലാനി തുടങ്ങിയവർ പ്രസ്തുത കലാലയത്തിലെ ഉയർന്ന സ്ഥാനങ്ങൾ അലങ്കരിച്ചിരുന്നതായി ചരിത്രത്തിൽ കാണുന്നു. കലാലയത്തോടനുബന്ധിച്ച വിശാലമായ ഒരു ഗ്രന്ഥാലയവും ഉണ്ടായിരുന്നു. മാത്രമല്ല, ഹി: 589ൽ ഖലീഫ നാസിറുദീനില്ലാഹി പ്രസ്തുത കലാശാലയിലെ വിദ്യാത്ഥികൾക്ക് സ്കോളർഷിപ്പ് ഏർപ്പെടുത്തുകയുണ്ടായി. രാജകീയ ഭണ്ഡാരത്തിൽനിന്നു കലാശാലാനടത്തിപ്പിനായി 6 ലക്ഷം ദീനാറാണ് ചിലവഴിച്ചിരുന്നതു്. മാത്രമല്ല, പ്രസ്തുത കലാശാലയുടെ കീഴിൽ നൈശാപൂർ, ഹിറാത്ത്, മൗസൽ, ഇസ്പഹാൻ, ബസറ മുതലായ സ്ഥലങ്ങളിൽ വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി.

## മുസ്തൻസിരിയ കലാശാല

ഹി: 663ൽ അബ്ബാസിയ ഭരണാധികാരിയായിരുന്ന ഖലീഫ അൽമുസ്തൻ സിറുബില്ലാഹി ടൈഗ്രീസ്നദീതീരത്ത് മുസ്തൻസിരിയ കലാശാലയ്ക്കു് അസ്തിവാരമിട്ടു. ആറു വർഷങ്ങൾകൊണ്ടു പണി പൂത്തീകരിച്ചു. നാലു മദ്ഹബുകളിലെയും പണ്ഡിതന്മാരെ അദ്ദേഹം പ്രസ്തുത കലാശാലയിൽ ഗുരുനാഥന്മാരായി നിയോഗിച്ചു.

*അഹമ്മദ്കുട്ടി മഞ്ചേരി*

രാജകീയ ഗ്രന്ഥാലയത്തിൽനിന്നു് 160 ഒട്ടകപ്പുറത്തായിരുന്നു പ്രസ്തുത കലാശാലയിലേക്കു ഗ്രന്ഥങ്ങൾ കൊണ്ടുപോയതു്. വിദ്യാർത്ഥികളുടെ താമസം, ഭക്ഷണം, വസ്ത്രം, പഠനോപകരണങ്ങൾ എല്ലാം സൗജന്യമായിരുന്നു. ഇതിനുപുറമെ ഓരോ വിദ്യാത്ഥിക്കും ഒരു പവൻവീതം പോക്കററ്മണി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത കലാശാലയെപ്പററി 'ബഗ്ദാദ് അബ്ബാസിയാ ഖലീഫമാരുടെ ഭരണത്തിൽ' എന്ന ഗ്രന്ഥത്തിലെ വരികൾ ശ്രദ്ധേയമാണ്.

''അമൂല്യങ്ങളും അനർഘങ്ങളുമായ ഗ്രന്ഥങ്ങൾ അവിടെ വിദ്യാത്ഥികൾക്കായി ശേഖരിക്കപ്പെട്ടിരുന്നു. ഹോസ്റ്റൽ കെട്ടിടം ദീപങ്ങളാൽ അലംകൃതമായിരുന്നു. ഓരോ വിദ്യാർത്ഥിക്കും ഓരോ വിളക്കും അതിനു വേണ്ട എണ്ണയും നൽകിയിരുന്നു. ഹോസ്റ്റലിൽ പച്ചവെള്ളത്തിനും, ചൂടുവെള്ളത്തിനും പ്രത്യേകം ഏർപ്പാടുകൾ ഉണ്ടായിരുന്നു. വിദ്യാർത്ഥികളുടെ ആരോഗ്യസംരക്ഷണത്തിനുള്ള വൈദ്യ ശുശ്രൂഷയും മരുന്നും നൽകിയിരുന്നു.''

എന്നാൽ താർത്താരികൾ അബ്ബാസിയ ഭരണാധികാരികളെ പരാജയപ്പെടുത്തി പ്രസ്തുതകലാലയം നശിപ്പിക്കുകയും ഗ്രന്ഥാലയം അഗ്നിക്കിരയാക്കുകയും ചെയ്തു.

## ഈജിപ്ത്

നൂരിയ്യ, സാലിഹിയ്യ വംശക്കാരുടെ ഭരണകാലത്ത് ഈജിപ്ത് വൈജ്ഞാനികരംഗത്തു് വളരെയേറെ ശോഭിച്ചിരുന്നു. ലോകത്താദ്യമായി 'ദാറുൽഹദീസ്' (ഹദീസു പഠനത്തിനു മാത്രമായുള്ള കേന്ദ്രം) സ്ഥാപിക്കപ്പെട്ടത് അക്കാലത്താണ്.

അതേപ്രകാരം സുൽത്താൻ സലാഹുദ്ദീൻ അയ്യൂബി അലക്സാൻഡ്രിയാ കയ്റോ, യരുശലം, ഡമസ്കസ് തുടങ്ങിയ പ്രദേശങ്ങളിൽ വലിയ വിജ്ഞാനകേന്ദ്രങ്ങൾ സ്ഥാപിക്കുകയുണ്ടായി.

## തുർക്കി

ഉസ്മാനിയ ഭരണകൂടം തങ്ങളുടെ സാമ്രാജ്യത്തിൽപ്പെട്ട മക്ക, യരുശലം, ഇറാഖ്, ബസറ, കൂഫ, ബഗ്ദാദ് മുതലായ സ്ഥലങ്ങളിൽ ഉന്നത കലാലയങ്ങൾ സ്ഥാപിക്കുകയുണ്ടായി. ശാസ്ത്രം, സാഹിത്യം, കല, രാജ്യമീമാംസ, ആയോധനവിദ്യ മുതലായ വിഷയങ്ങൾ മതപഠനത്തോടൊപ്പം തന്നെ പഠിപ്പിച്ചു. അദ്ധ്യാപകർക്ക് പെൻഷൻ ഏർപ്പെടുത്തിയതും ഉസ്മാനിയ ഭരണകൂടമായിരുന്നു.

ഉസ്മാനിയ ഖലീഫമാരിൽ പ്രധാനിയായ ഖരാർഖാൻ ഉന്നത

പാഠശാലകൾ സ്ഥാപിച്ച് വ്യാകരണം, തർക്കശാസ്ത്രം, ചരിത്രം, സാഹിത്യം, ഗണിതശാസ്ത്രം മുതലായ വിഷയങ്ങളിൽ വിദ്യാർത്ഥികൾ അവഗാഹംനേടണമെന്ന് അദ്ദേഹം നിഷ്കർഷിച്ചിരുന്നു. പരീക്ഷകളിൽ വിജയിച്ചവർക്ക് സർട്ടിഫിക്കററ് ഏർപ്പെടുത്തുകയും ചെയ്തു. തുർക്കിയിലെ പഠനരീതി പതിനഞ്ചാം നൂററാണ്ടിലെ പാരീസിലെയും കേംബ്രിഡ്ജിലെയും പാഠ്യപദ്ധതിക്ക് സദൃശങ്ങളായിരുന്നു. 'ഡിഗ്രി' സമ്പാദിച്ചവരെയായിരുന്നു ഖാസിമാരായും, മുഫ്ത്തിമാരായും നിയമിച്ചിരുന്നത്.

ഉസ്മാനിയ ഖലീഫമാരായിരുന്ന സുൽത്താൻ അർവാൻ, സുൽത്താൻമുഹമ്മദ്ഖാൻ, സുൽത്താൻ മുഹമ്മദ്ഫാത്തിഹ്, സുൽത്താൻ ബായസീദ്, സുൽത്താൻ സുലൈമാൻ എന്നിവരെല്ലാം വിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുകയും അവയ്ക്കു വേണ്ട നാനാവിധ പരിഷ്കാരങ്ങൾ ഏർപ്പെടുത്തുകയും ചെയ്തിരുന്നു. 'ഹാഫീസ്' 'താലിബ്' എന്നീ രണ്ടു ഡിഗ്രികൾ വിജയിച്ചവർക്ക് നൽകുകയും ചെയ്തിരുന്നു. ഖലീഫ അബ്ദുൽ മുഅ്മിൻ മതപഠനത്തോടൊപ്പം സൈനിക പരിശീലനത്തിനു മാത്രം ഒരു കോളേജ് സ്ഥാപിക്കുകയുണ്ടായി.

## സ്പെയിൻ

കോർഡോവ, ഗ്രാനഡ, ഇഷ്ബെലിയ്യ തുടങ്ങിയ പട്ടണങ്ങളിലെ ചരിത്രപ്രസിദ്ധങ്ങളായ വിദ്യാകേന്ദ്രങ്ങളിലേയ്ക്കു ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും വിദ്യാർത്ഥികൾ പ്രവഹിച്ചിരുന്നു.

സ്പെയിൻ മുസ്ലിംകളുടെ വിജ്ഞാനപ്രസാരണ സംരംഭങ്ങളെ സംബന്ധിച്ച് മി: സ്കോട്ടിന്റെ പ്രസ്താവനയിലെ ഒരു ഭാഗം മാത്രം വായിച്ചാൽ അക്കാലത്തെ വൈജ്ഞാനികനില മനസ്സിലാകും.

''സ്പെയിനിലെ കലാശാലകളിലെ പ്രൊഫസർമാർ അവരുടെ ധിഷണാശക്തിയും, കഴിവുകളും രാഷ്ട്രത്തിനായി സമർപ്പിച്ചിരുന്നു. വിദ്യാഭ്യാസം ഒരു പരിധിവരെ നിർബ്ബന്ധമായിരുന്നു. ജാതിമത ചിന്തയില്ലാതെ വിദ്യാർത്ഥികൾ പ്രസ്തുത കലാലയങ്ങളിൽ അഭ്യസിച്ചിരുന്നു. ഖുർആൻ, പ്രവാചക സൂക്തങ്ങൾ, ധർമ്മശാസ്ത്രം ഇവയ്ക്കു പുറമെ ക്ഷേത്രഗണിതം, ബീജഗണിതം, സംഗീതം, സാഹിത്യം മുതലായ വിഷയങ്ങൾ പഠിപ്പിച്ചിരുന്നു. കലാലയങ്ങളിൽ ഡിഗ്രികൾ, സ്കോളർഷിപ്പ്, സ്റ്റൈപ്പെൻറ്, സമ്മാനം എന്നിവ നല്കുകയും പ്രസംഗ-പ്രബന്ധ മത്സരങ്ങൾ നടത്തുകയും ചെയ്തിരുന്നു. വൈദ്യശാസ്ത്രം പഠിക്കാനാഗ്രഹിക്കുന്ന വിദ്യാർത്ഥികളെ തലസ്ഥാന നഗരിയിലെ ഏററവും വലിയ ഡോക്ടർ പരിശോധിച്ചിരുന്നു. വൈദ്യശാസ്ത്രം, ശസ്ത്രക്രിയ എന്നീ വിഷയങ്ങളിൽ അമൂല്യഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു. കോർഡോവ കലാശാലയുടെ കീഴിൽ മാത്രം എണ്ണൂറോളം വിദ്യാലയങ്ങളും അവയിൽ പതിനൊന്നായിരത്തില്പരം വിദ്യാർത്ഥികളും ഉണ്ടായിരുന്നു.''

അവലംബം: History of the Moorish Empire in Spain by P. Scott.

# യൂസുഫ് ഇസ്ലാം–സംഗീതത്തിൽനിന്നു് സത്യത്തിലേക്ക്

Hijra, VL 4, Issue No 8 1985 August

—കെ.

അശാന്തമായ ഒരു മനസ്സിന്റെ സ്വാസ്ഥ്യം തേടിയുള്ള യാത്രയായിരുന്ന അത്. സത്യത്തിന്റെ തണൽ തേടിയുള്ള യാത്ര. ക്യാററ് സ്റ്റീവൻസ് എന്ന പേര് ഈ യാത്രക്കിടയിൽ എവിടെയോ വെച്ച് നഷ്ടപ്പെട്ടിരുന്നു; ജീവിതസമ്പ്രദായങ്ങളും, ആചാരരീതികളും, മനസ്സിനെ തളച്ചു നിർത്തിയിട്ടിരുന്ന ഇഷ്ടാനിഷ്ടങ്ങളും—എല്ലാം ഏതോ വിദൂരസ്മൃതികളും പോലെ. യൂസുഫ് ഇസ്ലാമിന്റേത് ഇന്ന് പുതിയൊരു ജീവിതമാണ്. വന്യമായ ഒരു ജീവിതരീതിയിൽനിന്ന് സ്വരരാഗ, വീചികളുടെ മായികലോകത്തേക്ക്, അവിടെനിന്ന് സത്യത്തിന്റെ ശാദ്വലതയിലേക്ക്...



യൂസുഫ് ഇസ്ലാം

റോക്ക് സംഗീതത്തിന്റെ രാജാവായ ക്യാററ് സ്റ്റീവൻസ് ഇസ്ലാം മതം സ്വീകരിച്ചത് ഒരാകസ്മികതയല്ല. ജീവിതത്തിലുടനീളം യാഥാർത്ഥ്യമന്വേഷിച്ചു നടന്ന ഒരു യുക്തി ചിന്തകനായിരുന്നു സ്റ്റീവൻസ്. ഗ്രീക്ക് സൈപ്രിയോട്ട് രക്ഷിതാക്കളുടെ മകനായി സൈപ്രസിൽ പിറന്ന ഒരാളാണദ്ദേഹം. പിറന്നനാട്ടിൽ വസ്ത്രീയാസാസ്ഥ്യങ്ങളും പൊട്ടിമുളച്ചപ്പോഴും സൈപ്രസ് വിട്ട സ്റ്റീവൻസ് ഒരു ക്രിസ്റ്റീയഭവനത്തിലാണ് എത്തിച്ചേർന്നത്. അവിടെ വളർന്ന അദ്ദേഹം ശരിയായ അർത്ഥത്തിലുള്ള ഒരു ക്രിസ്ത്യാനിയായിരുന്നില്ല. ക്രിസ്തുമതം തന്റെ വൈകാരികദാഹം ശമിപ്പിക്കുമെന്ന് കരുതാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നുമില്ല. അതുകൊണ്ട് തന്നെ ശരിയുടെ പാത ഏതെന്നന്വേഷിക്കാനുള്ള ഒരു മൂന്നാം കണ്ണ് എന്നും ഈ കലാകാരനിൽ തുറന്നു കിടക്കുകയായിരുന്നു.

നോക്കൂ, ഇരുപതാം വയസ്സിൽ ഈ ചെറുപ്പക്കാരൻ ഗ്രേററ് ബ്രിട്ടനിൽ പരക്കെ അറിയപ്പെടുന്ന ഒരു സംഗീതജ്ഞനായിത്തീരുന്നു. പിന്നീടങ്ങോട്ട് സംഗീതം ഒരാവേശമായിരുന്നു. റോക്ക് സംഗീതത്തിന്റെ ഉച്ചസ്ഥായിയിൽ ലോകം ഒരു ബിന്ദുവിലേക്ക് ചുരുങ്ങുന്നു. അവിടെ തന്റെ ഭൂതകാലമില്ല, പേരില്ല, ഭാഷയും ആചാരവുമില്ല. മായികമായ ഏതോ ലഹരിമാത്രം. പക്ഷേ സ്റ്റീവൻസിനു ഇതു മതിയായിരുന്നില്ല. നിതാന്തമായ അശാന്തി ആത്മമുദ്രയാക്കി സ്വീകരിച്ച ആ ചെറുപ്പക്കാരന്റെ വരികളും നിങ്ങളോട് പറയുന്നത് ഇങ്ങിനെയാണ്.

''എങ്ങനിന്നെന്നില്ലാതെ എത്രയെത്ര നാഴികകൾ!

ലക്ഷ്യത്തിലെത്താൻ ഞാൻ ഇനിയും എത്രസമയം ചിലവഴിക്കണം?

നോക്കൂ, എനിക്ക് കയറുവാനുള്ള ഗിരിശിഖരങ്ങൾ.

അവയൊക്കെത്താണ്ടി ഞാൻ അവിടെയെത്തേണ്ടിയിരിക്കുന്നു...''

ഈ അന്വേഷണമാണ് സ്റ്റീവൻസിനെ ഇസ്ലാമിലേക്കെത്തിച്ചത്. പാട്ടുകളും പടച്ചുണ്ടാക്കപ്പോഴും എല്ലാം മറക്കുന്ന ഈ മനുഷ്യൻ ഇസ്ലാമിൽ തന്റെ കലയും ജീവിതവും സന്തോഷവും സന്താപവുമൊക്കെ ഒതുക്കിനിർത്തി. അതോടെ നമുക്ക് യൂസുഫ് ഇസ്ലാമിനെ ലഭിച്ചു. ഗിററാർ ഒരു വശത്തേക്ക് മാററിവെച്ച്, ചുരുണ്ട തലമുടി മുറിച്ചു വെടിപ്പാക്കി, കുറ്റുമുററിയ താടിയണിഞ്ഞ് മദ്ധ്യപൂർവ്വേഷ്യയിൽ നിന്നെത്തിയ ഒരു മുസ്ലിമിന്റെ രൂപഭാവാദികളോടെ ലോകത്തിനു മുമ്പാകെ വന്നു നില്ക്കുന്ന യൂസുഫ് ഇ

സ്റ്റാം.ക്യാറ്റ് സ്റ്റീവൻസൺ എന്ന പേര് പോലും അദ്ദേഹം മറന്നു കഴിഞ്ഞിരിക്കുന്നു. സംഗീതം അദ്ദേഹത്തിനു് ശാന്തിനല്കാൻ അപര്യാപ്തമായിത്തീർന്നിരിക്കുന്നു.

ശാന്തിതേടിയുള്ള തന്റെ ജീവിതയാത്രയിൽ സ്റ്റീവൻസിനു് ഇടയ്ക്കു് ഭാരതീയ ദർശനങ്ങളോടു് അല്പം അഭിനിവേശം തോന്നിയിരുന്നു. ഭാരതീയ ദർശനങ്ങളുടെ അഗാധത ബീറ്റിലുകളെ മുഴുവനും ഇന്ത്യൻ സംസ്കാരത്തിലേക്കു് ആകർഷിച്ച കാലം. ബുദ്ധന്റെ ആകർഷണവലയത്തിൽ സ്റ്റീവൻസും പെട്ടു. 'ബുദ്ധനും ചോക്കലേറ്റു പെട്ടിയും' എന്ന ഗാനസമുച്ചയം ഇക്കാലത്താണു് സ്റ്റീവൻസ് രചിച്ചതു്. പക്ഷേ താൻ അന്വേഷിക്കുന്ന സത്യത്തിന്റെ വെളിച്ചത്തിൽനിന്നു് എത്രയോ അകലെയാണു് ബുദ്ധനെന്നു് അദ്ദേഹത്തിന്നു് വളരെ വേഗം ബോദ്ധ്യപ്പെട്ടു.

സ്റ്റീവൻസിന്നു് ഖുർആന്റെ ഒരു പ്രതി നല്കിയതു് അദ്ദേഹത്തിന്റെ തന്നെ സഹോദരനാണു്— ഇസ്ലാമിന്റെ സത്യാന്വേഷണത്തെക്കുറിച്ചു് അറിഞ്ഞ ആളായിരുന്നു ആ സഹോദരൻ. ഖുർആൻ വായിക്കാൻ തുടങ്ങിയ സ്റ്റീവൻസ് അതിലേക്കു് ആകർഷിക്കപ്പെട്ടു. വിശുദ്ധഗ്രന്ഥത്തിന്റെ സമഗ്രത അയാളെ അമ്പരപ്പിച്ചു; മോക്ഷത്തിന്നു്വേണ്ടിയുള്ള കർമ്മമാർഗ്ഗം ദിവ്യഗ്രന്ഥം അയാൾക്കു് മുൻപാകെ തുറന്നിട്ടുകൊടുത്തു. ഒരു കർമ്മാനുഷ്ഠാനവുമില്ലാതെ തന്നെ ദൈവസ്നേഹത്തിന്റെ ആനുകൂല്യത്താൽ രക്ഷിക്കപ്പെടും എന്ന ക്രിസ്തീയ വിശ്വാസത്തിന്റെ നിരാസം ആ ഹൃദയത്തിൽ വേരുപിടിക്കുകയായിരുന്നു. വീണ്ടും വീണ്ടും സ്റ്റീവൻസ് ഖുർആൻ വായിച്ചു. ഒടുവിൽ ഇസ്ലാമിൽ വിശ്വസിക്കുകയും ചെയ്തു. അങ്ങിനെയാണു് 'ടീ ഓഫ് ടില്ലർമാൻ, ടീസർ ആൻഡ് ദി ഫയർ ക്യാറ്റ്, ക്യാച്ച് ദി ബുൾ അറ്റ് ഫോർ' തുടങ്ങിയ വിഖ്യാതമായ റോക്ക് എൻറോൾ റിക്കാർഡ് ആൽബങ്ങളുടെ ലക്ഷക്കണക്കിനു് പ്രതികൾ വിറ്റഴിച്ച ആ മനുഷ്യൻ യൂസഫ് ഇസ്ലാമായി മാറിയതു്.

മുസ്ലിമായിക്കഴിഞ്ഞശേഷം യൂസഫ് ഇസ്ലാം തന്റെ ജീവിതരീതിയ്ക്കു് അപ്പാടെ വ്യത്യാസം വരുത്തിയിരിക്കുന്നു. ഖുർആനിക വചനങ്ങൾക്കനുസരിച്ചുള്ള ഈ ജീവിതം റോക്ക് എൻ റോൾ സംസ്കാരത്തിന്നു് കടകവിരുദ്ധമാണു്. റോക്ക് സൊസൈറ്റിയിൽ നിന്നു് താൻ തെന്നിമാറിയിരിക്കുന്നു എന്നാണു് പീസ് ടെയിൻ, സാഡ്ലിസ, മോണിംഗ് ഹാസ് ബ്രോക്കൺ തുടങ്ങിയ പ്രശസ്ത റിക്കാർഡുകൾ രചിച്ചു പാടിയ ഈ സംഗീതജ്ഞൻ പറയുന്നതു്. ഇനി അദ്ദേഹത്തിനു് സംഗീതമില്ല. 'ബാക്ക് റ്റു എർത്ത്' എന്നതായിരുന്നു കോൺട്രാക്റ്റിൽ അവസാനമുണ്ടായിരുന്ന റിക്കാർഡ്. അതെ, ഭൂമിയിലേക്കു്, സംഗീതത്തിന്റേയും ലക്ഷ്യബോധമില്ലാത്ത ജീവിതത്തിന്റേയും കാല്പനിക ലോകത്തു്നിന്നു് യാഥാർത്ഥ്യങ്ങളുടെ ഭൂമിയിലേക്കു്; അല്ലാഹു നമുക്കു് വേണ്ടി സൃഷ്ടിച്ചൊരുക്കിത്തന്ന ഭൂമിയിലേക്കു്.

പാശ്ചാത്യ രാഷ്ട്രങ്ങളിൽ ഇസ്ലാമിക വിദ്യാഭ്യാസത്തിന്റെ പ്രചാരത്തിന്നുവേണ്ടിയാണു് യൂസഫ് ഇസ്ലാം ഇപ്പോൾ പ്രവൃത്തിക്കുന്നതു്. ഗ്രേറ്റ് ബ്രിട്ടൻ കേന്ദ്രമാക്കി അദ്ദേഹത്തിന്റെ ഈ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കുട്ടികൾക്കു്വേണ്ടി അദ്ദേഹം പാഠശാലകൾ നടത്തുന്നുണ്ടു്. ബ്രെൻറിലെ ലണ്ടൻ ബറോയിൽ അദ്ദേഹം നടത്തിവരുന്ന ഇസ്ലാമിയാപ്രൈമറി സ്കൂൾ, കുട്ടികൾക്കു്വേണ്ടി അദ്ദേഹം നടത്തിവരുന്ന ഇസ്ലാമിക പ്രവർത്തനങ്ങളുടെ ഏറ്റവും മികച്ച ഉദാഹരണമാണു്. ലൈസസ്റ്ററിലെ ഇസ്ലാമിക് ഫൌണ്ടേഷൻ പബ്ലിക്കേഷൻസ് യൂനിറ്റ് പുറത്തിറക്കിയ 'ലവ് ആൾ ക്രീച്ചേഴ്സ്' എന്ന ക്യാസറ്റിന്നു് പിന്നിൽ പ്രവൃത്തിക്കുന്നതും യൂസഫ് ഇസ്ലാം തന്നെ. മുഹമ്മദ്നബിയുടെ ജീവിതത്തിൽനിന്നുള്ള എട്ടു കഥകൾ കുട്ടികൾക്കുവേണ്ടി പറയുകയാണു് ഈ ക്യാസറ്റിൽ. എല്ലാ ജീവജാലങ്ങളോടും കരുണയും സ്നേഹവും പുലർത്തണമെന്നു് പഠിപ്പിക്കുന്ന കഥകൾ. സ്കൂൾ പ്രായത്തിലുള്ള കുട്ടികൾക്കുവേണ്ടി കഥകൾ പറഞ്ഞിരിക്കുന്നതു് യൂസഫ് ഇസ്ലാമും മറിയം ഡേവീസുമാണു്.

കുട്ടികൾക്കിടയിലുള്ള ഇസ്ലാമിക പ്രവർത്തനങ്ങൾക്കു് വേണ്ടി യൂസഫ് ഇസ്ലാം വ്യാപകമായി സഞ്ചരിക്കുന്നു. ചെല്ലുന്നേടത്തൊക്കെ വെച്ചു് ഇസ്ലാമിന്റെ സന്ദേശം പ്രചരിപ്പിക്കുവാൻ അദ്ദേഹം ശ്രമിക്കുന്നു. അദ്ദേഹം അഭിമുഖ സംഭാഷണങ്ങൾ അനുവദിക്കുന്നതും ചർച്ചകളിലേർപ്പെടുന്നതുമൊക്കെ ഈ ഉദ്ദേശ്യം മുൻനിർത്തിയാണു്. അല്ലാഹുവിന്നു് വേണ്ടിയുള്ള ഈ സൌജന്യസേവനമാണു് ലക്ഷക്കണക്കിനു് രൂപ സമ്പാദിച്ചു തന്നിരുന്ന സംഗീതോപാസനയെക്കാൾ തനിക്കു് ശാന്തിതരുന്നതു് എന്നത്രേ യൂസഫ് ഇസ്ലാം പറയുന്നതു്. അതത്രേ അദ്ദേഹത്തിന്റെ മാറ്റത്തിന്റെ പൊരുളും.

# വിദ്യാഭ്യാസത്തെക്കുറിച്ച് യൂസുഫ് ഇസ്ലാമിൻെറ കാഴ്ചപ്പാട്

[പ്രമുഖ പോപ് സംഗീതജ്ഞനായ കാററ്സ്റ്റീവൻസ് യൂസുഫ് ഇസ്ലാമായി മാറിയത് ഒരു മനപരിവർത്തനത്തിൻെറ ആവേശോജ്വലമായ കഥയാണ്. യൂസുഫ് ഇസ്ലാം ഒരു വിദ്യാഭ്യാസ പ്രവർത്തകൻെറ ചുമതലകളാണ് ഏററെടുത്തു നടത്തുന്നതു്. ലണ്ടനിലെ മുസ്ലിം കുഞ്ഞുങ്ങൾക്ക്വേണ്ടി അദ്ദേഹം സ്തുത്യർഹമായ സേവനങ്ങൾ അനുഷ്ഠിക്കുന്നു. 1984 ജനുവരിയിൽ അറേബ്യ മാസിക യൂസുഫ് ഇസ്ലാമിൻെറ വിദ്യാഭ്യാസപ്രവർത്തനങ്ങളെക്കുറിച്ച് ഒരു ലേഖനം പ്രസിദ്ധപ്പെടുത്തുകയുണ്ടായി. അദ്ദേഹത്തിൻെറ കാഴ്ചപ്പാടുകൾക്ക് ഇന്നും നമുക്കിടയിൽ പ്രസക്തിയുണ്ടെന്ന് കരുതുന്നതിനാൽ ഞങ്ങൾ അത് വിവർത്തനം ചെയ്തു പ്രസിദ്ധപ്പെടുത്തുകയാണ്]

പ്രമുഖ പടിഞ്ഞാറൻ നാടുകളിലെ കുടിയേറിപ്പാർപ്പുകാരുടെ സാന്നിദ്ധ്യത്തെക്കുറിച്ചു പരാമർശിക്കവെ ലണ്ടനിലെ ടൈംസ്പത്രം ഇങ്ങിനെ പറയുകയുണ്ടായി–ഉദ്ഗ്രഥനത്തിനും വ്യക്തിത്വം നിലനിർത്തുന്നതിന്നും ഇടയ്ക്കുള്ള ഒരു ഒത്തുതീർപ്പ് കണ്ടെത്തിയിരിക്കുന്നു എന്നു്.

ഉദ്ഗ്രഥനമാണെങ്കിൽ അത് എത്രത്തോളം? വ്യക്തിത്വം നിലനിത്തുന്നതിൻെറ അതിരുകൾ എങ്ങിനെയൊക്കെ? ഈ ചോദ്യങ്ങൾക്ക് ഇതുവരെ തൃപ്തികരമായ ഉത്തരം ലഭിച്ചിട്ടില്ല. യു. കെ. യിലെ മുസ്ലിംസമുദായത്തത്തിന്നിടക്ക് നിലനിന്നു പോരുന്ന ഭീതി, സമൂഹത്തിൻെറ ആവശ്യങ്ങളിൽ ശ്രദ്ധചെലുത്തുമ്പോൾ ബ്രിട്ടീഷ് വിദ്യാഭ്യാസ സമ്പ്രദായം യുവമുസ്ലിംകളുടെ വ്യക്തിത്വത്തെ ദോഷകരമായി ബാധിക്കുന്ന വൈരുദ്ധ്യങ്ങൾ സൃഷ്ടിച്ചേക്കുമോ എന്നുള്ളതാണ്. മുസ്ലിം സംഘടനകൾ വിദ്യാഭ്യാസത്തെ ഒരു പ്രധാന വിഷയമായിക്കാണുന്നു.

സമുദായത്തിന്നു്, സമുദായത്താൽ ഭരിക്കപ്പെടുകയും നടത്തപ്പെടുകയും ചെയ്യുന്ന പാഠശാലകളുടെ ഒരു ശൃംഖല തന്നെ വേണ്ടതുണ്ടെന്നു് വാദിക്കുന്ന മുസ്ലിംകൾ ധാരാളമാണ്. ഈ പാഠശാലകളിൽ ഇസ്ലാമികാദ്ധ്യാപനം ഇസ്ലാമിക സാഹചര്യങ്ങളിൽത്തന്നെ നടത്താൻ കഴിയും. വ്യത്യസ്തമായ ഒരു നിലപാട് പുലർത്തുന്ന കുറച്ചു പേരുണ്ട്. സർക്കാർ നടത്തുന്ന വിദ്യാഭ്യാസ വ്യവസ്ഥ മുസ്ലിംകൾ ഉപയോഗപ്പെടുത്തണം എന്നാണ് അവരുടെ വാദം. ഈ ചിന്താഗതി പുലർത്തുന്നവർ പറയുന്നതു് ഇസ്ലാമികാദ്ധ്യാപനം വാരാന്ത്യക്ലാസ്സുകൾ വഴിയോ ഒഴിവുകാലങ്ങളിൽ നടത്തുന്ന പ്രത്യേക കോഴ്സുകൾ വഴിയോ നടത്താം എന്നാണ്. ഇനിയും ചിലരുണ്ട്. അവരുടെ നിർദ്ദേശം മുസ്ലം സ്കൂളുകൾ സ്ഥാപിക്കണം; എന്നാൽ അതോടൊപ്പംതന്നെ ഇപ്പോൾ സ്കൂളുകളിൽ നിലവിലുള്ള സാഹചര്യങ്ങൾ മാററിയെടുക്കാൻ ശ്രമിക്കുകയും വേണം എന്നാണ്. വിദ്യാഭ്യാസാധികൃതർക്കിടയിലും മതസമൂഹങ്ങൾക്കിടയിലും നിരന്തര ശ്രമങ്ങൾ നടത്തിയും അവരെ പറഞ്ഞു ബോദ്ധ്യപ്പെടുത്തിയുമാണ് ഇതു സാധിക്കേണ്ടത്.

സമുദായത്തിൻെറ വിദ്യാഭ്യാസ കാര്യത്തിൽ പല മുസ്ലിം സംഘടനകളും ഉത്കണ്ഠാകുലരാണെങ്കിലും അവർക്കൊന്നുംതന്നെ പൊതുവായ ഒരു പരിപ്രേക്ഷ്യമില്ല. ഉദ്ഗ്രഥനത്തേയും വ്യക്തിത്വം സൂക്ഷിക്കുന്നതിനേയും കുറിച്ച് ഓരോ സംഘടനയും സ്വന്തമായ സമീപനം പുലർത്താനാണ് ശ്രമിക്കുന്നത്. ഇക്കാരണത്താൽ മുസ്ലിം സമുദായത്തിൽത്തന്നെ ചില്ലറ ആശയക്കുഴപ്പങ്ങളൊക്കെ ഉണ്ട്.

ഇസ്ലാമിക് സർക്കിൾ ഓർഗനൈസേഷൻ പ്രവർത്തകനായ യൂസുഫ് ഇസ്ലാം, മുസ്ലിം സമുദായത്തിൻെറ വിദ്യാഭ്യാസപരമായ ആവശ്യങ്ങളെക്കുറിച്ചുള്ള തൻെറ വീക്ഷണത്തെപ്പററി 'അറേബ്യ'യോട് സംസാരിക്കുകയുണ്ടായി.

ബ്രെൻറിലെ ലണ്ടൻബറോയിൽ ഇസ്ലാമിയാ പ്രൈമറിസ്കൂൾ നടത്തുന്നത് യൂസുഫ് ഇസ്ലാമാണ്. അദ്ദേഹം പറഞ്ഞു—''ഞങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തെക്കുറിച്ച് മുസ്ലിം രക്ഷിതാക്കൾക്ക് വലിയൊരു ചുമതലയുണ്ട്. നാം മററുള്ളവർക്ക് വിട്ടുകൊടുക്കേണ്ട ഒരു കാര്യമല്ല ഇത്. നമ്മുടെ കുട്ടികൾക്ക്വേണ്ടി സ്കൂളുകൾ സ്ഥാപിക്കേണ്ടതും വിദ്യാഭ്യാസം ഏർപ്പെടുത്തേണ്ടതും നമ്മുടെ കടമയാണ്.

ഒരു മുസ്ലിം കുട്ടിയുടെ വിദ്യാഭ്യാസത്തിൽ ഏററവും പ്രധാനപ്പെട്ട വശം ഖുർആൻ പഠനമാണ്. നാം നമ്മുടേതായ വിദ്യാലയങ്ങൾ സ്ഥാപിക്കണം, അവിടെ ഖുർആനും സുന്നത്തും പഠിപ്പിക്കുന്നുണ്ടെന്നു് ഉറപ്പുവരുത്തണം. ഇപ്പോഴുള്ള ഒരു വിദ്യാലയത്തിൽ നിലവിലുള്ള വിദ്യാഭ്യാസ സമ്പ്രദായവും കാഴ്ചപ്പാടും എന്തായിരുന്നാലും ഇതു് ആവശ്യമാണ്. കുട്ടികൾക്ക് സ്കൂൾ വിട്ടശേഷം ക്ലാസ്സുകൾ നടത്തുന്നതുകൊണ്ട് എല്ലാമായോ എന്ന ചോദ്യം നാം സ്വയം

# മനുഷ്യനും ശാസ്ത്രത്തിന്റെ പരിമിതിയും

Hijra (48)
VL 4, ISS NO 12
December 1985

മൗലാനാ വഹീദുദ്ദീൻഖാൻ

ആത്മാവശക്തി ബഹുമുഖമായി വികസിപ്പിക്കാൻ ആധുനിക മനുഷ്യൻ കരുത്താർജ്ജിച്ചിരിക്കുന്നു. ഹിമദേശങ്ങളെ ജനവാസയോഗ്യമാക്കാനും, ഇതരഗോളങ്ങളിലേക്കു യാത്രാപദ്ധതികളാവിഷ്കരിക്കാനും അവൻ കഴിവുനേടിട്ടുണ്ട്. മനുഷ്യൻ ഇങ്ങനെ പദാർത്ഥലോകത്തെക്കുറിച്ചുള്ള ജ്ഞാനം നേടുകയും തന്റെ അഭിലാഷത്തിനൊത്ത് അവയെ കൈകാര്യം ചെയ്യുകയും ചെയ്യുന്നു. തന്നെപ്പററി മനസ്സിലാക്കാനും തന്റെ പ്രവർത്തനങ്ങളെ ശരിപ്പെടുത്താനും അവനു സാധിക്കുമെന്ന ധാരണ സൃഷ്ടിക്കുന്ന ആയിരക്കണക്കിന് സംഭവവികാസങ്ങളുണ്ട്.

പക്ഷേ പദാർത്ഥങ്ങളുടെ സവിശേഷതകളറിയാൻ സാധിച്ചതുപോലെ മനുഷ്യനെപ്പററി മനസ്സിലാക്കാൻ കഴിയുകയില്ല എന്നതിന്റെ തെളിവുകൾ നമ്മുടെ ഈ ഭൗതിക ലോകത്തു തന്നെയുണ്ട്.

## മനുഷ്യഘടന

'മനുഷ്യൻ'' എന്നു പറയുന്ന അസ്തിത്വം പ്രോട്ടോപ്ലാസത്താൽ നിർമ്മിതമായ കോടിക്കണക്കിന് കോശങ്ങളുംകൊണ്ടു ഒരു ശരീരമാകുന്നു. എന്താണ് ഈ പ്രോട്ടോപ്ലാസം? അസാധാരണമായ നിലയ്ക്ക് ജീവന്റെ ശക്തി അന്തർഭവിച്ചിട്ടുള്ള നിർജ്ജീവവസ്തുക്കളുടെ ചെറിയൊരു സംയോജനമാണത്. സാധാരണ മട്ടിൽ പറഞ്ഞാൽ ജീവന്റെ സത്താണത്. പക്ഷേ പദാർത്ഥലോകത്തെപ്പററി പഠിക്കുന്നതുപോലെ പ്രോട്ടോപ്ലാസത്തെപ്പററി പഠനം നടത്താൻ കഴിയില്ല.

നമ്മുടെ കണ്ണുകൾകൊണ്ടു കാണുന്നതൊക്കെയും ചില വസ്തുക്കളുടെ സംയോജനം തന്നെയാണ്. മാദ്ധ്യമങ്ങൾ ലഭ്യമാണെങ്കിൽ ഇത്തരം സങ്കരങ്ങൾ സൃഷ്ടിക്കാനും അപ്പോലെ അവയെ നശിപ്പിക്കാനും നമുക്ക് കഴിയും. ഈ തത്വത്തിൽ ഊന്നിക്കൊണ്ടാണ് 1755–ൽ ജർമ്മൻ തത്വചിന്തകനായ കാൻറ് പറഞ്ഞത്, ''എനിക്കു പദാർത്ഥം ഒരുക്കിത്തരൂ. ഈ ലോകം പദാർത്ഥത്താൽ ഉണ്ടായത് എങ്ങിനെയാണെന്നു ഞാൻ പറഞ്ഞുതരാം'' എന്ന്.

''ജലം, രാസവസ്തുക്കൾ, സമയം എന്നിവ ലഭ്യമായാൽ ഒരു മനുഷ്യന്റെ സൃഷ്ടി നടത്താൻ കഴിയുമെന്ന് ഹൈക്കൽ (Haeckel) വാദിക്കുകയുണ്ടായി.

ഒരു ഓക്സിജൻ ആററവും രണ്ടു ഹൈഡ്രജൻ ആററവും കൂടിച്ചേർന്നുണ്ടായതാണ് ജലം എന്നു നമുക്കറിയാം. ഈ രണ്ടു വാതകങ്ങളെയും അതേ അനുപാതത്തിൽ സംയോജനം നടത്തി ജലമുണ്ടാക്കാനും, ജലത്തെ വിശ്ലേഷിച്ച് ഹൈഡ്രജനും ഓക്സിജനും വേർതിരിക്കാനും നമുക്കു കഴിയും. പക്ഷേ മനുഷ്യൻ ഇതിൽനിന്നു ഭിന്നനാകുന്നു. പ്രോട്ടോപ്ലാസത്തിലടങ്ങിയ ഘടക

ങ്ങളെന്തൊക്കെയെന്നും അവയുടെ അനുപാതമെന്തെന്നും ശാസ്ത്രം കണ്ടുപിടിച്ചിട്ടുണ്ട് എങ്കിലും പ്രോട്ടോപ്ലാസത്തിലടങ്ങിയ ഘടകങ്ങളും അതേ അനുപാതത്തിൽ സംയോജിപ്പിച്ച് 'ജീവൻ' ഉല്പാദിപ്പിക്കാൻ കഴിയില്ല. പ്രോട്ടോപ്ലാസത്തിൻെറ ഘടകങ്ങളും അതേ അനുപാതത്തിൽ സംയോജിപ്പിക്കപ്പെടുന്നുവെങ്കിലും ജീവനുള്ള പ്രോട്ടോപ്ലാസമുണ്ടായിത്തീരുന്നില്ല. മററുള്ള രാസവസ്തുക്കളുടെ നിശ്ചിത തോതനുസരിച്ച സംയോജിപ്പിച്ചാൽ നാം ഉദ്ദേശിക്കുന്ന ആ വസ്തു ഉണ്ടായിത്തീരുന്നുണ്ടു താനും. അഥവാ ഭൗതികവസ്തുക്കളിൽ പ്രവർത്തനം നടത്തി ഭൗതികസംഭവങ്ങളുണ്ടാക്കാൻ കഴിയുന്നതുപോലെ അതേ രൂപത്തിൽത്തന്നെ നമുക്കു മനുഷ്യനെ കൈകാര്യം ചെയ്യാൻ കഴിയില്ല.

മനുഷ്യനെ സംബന്ധിച്ചുള്ള നമ്മുടെ പ്രഥമ ദൗർബല്യവും കഴിവുകേടുമാണിത്. ഇതു് അംഗീകരിക്കാൻ നാം നിർബന്ധിതരാണ്.

എന്നാൽ ഇതിനേക്കാളും വലിയ മറെറാരു വസ്തുതയുണ്ട്. മനുഷ്യനെ സംബന്ധിച്ച നമ്മുടെ പഠനത്തിൽ നാം അവലംബിച്ചതു് 'മൃതമനുഷ്യ'നെയാണ്. ജീവനുള്ള മനുഷ്യൻെറ പഠനം നടത്താനുള്ള പാടവം നമ്മിലില്ല. പ്രോട്ടോപ്ലാസത്തിലടങ്ങിയ ഘടകങ്ങളേയും അവയുടെ നിശ്ചിത അനുപാതത്തേയും കണ്ടെത്താൻ ശാസ്ത്രത്തിനു കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതു് ജീവനുള്ളതായിത്തീരണമെങ്കിൽ ആ ഘടകങ്ങളെ ഏതു സവിശേഷക്രമത്തിൽ സംയോജിപ്പിക്കണമെന്നും, ജീവനുള്ള പ്രോട്ടോപ്ലാസം നിർജ്ജീവമായിത്തീരുമ്പോൾ ആ ക്രമം തെററുന്നതു് എവിടെയാണെന്നും കണ്ടെത്താൻ നമുക്കായിട്ടില്ല. അഥവാ പ്രോട്ടോപ്ലാസത്തിൽ ആത്മാവിൻെറ അസ്തിത്വത്തിനു കാരണമായതു് ആ സവിശേഷക്രമീകരണംതന്നെയാണ് എന്നത്രേ യാഥാർത്ഥ്യം. പക്ഷേ ആ സവിശേഷക്രമം നിലനിർത്തിക്കൊണ്ടു് പ്രോട്ടോപ്ലാസത്തിൻെറ രാസവിശ്ലേഷണം നടത്താൻ കഴിയുകയില്ല. പ്രോട്ടോപ്ലാസത്തെ വിശ്ലേഷണം നടത്തണമെങ്കിൽ അനിവാര്യമായും അതിൻെറ രാസക്രമം തകർക്കണം. അങ്ങിനെ അതിൻെറ രാസക്രമം തകർക്കാൻ തുനിയുമ്പോഴാകട്ടെ, ജീവൻ അതിൽനിന്നു് വിട പറയുന്നു. ഇതാണ് സാധാരണ അനുഭവപ്പെടുന്നതു്. പ്രോട്ടോപ്ലാസത്തിൻെറ രാസവിശ്ലേഷണം നടക്കുകയും, ആത്മാവ് അതിൽ സ്ഥായിയായിരിക്കുകയും ചെയ്യു അനുഭവമില്ല. അതിനാൽ ആത്മാവിൻെറ അസ്തിത്വത്തോടെ പ്രോട്ടോപ്ലാസത്തിൻെറ വിശ്ലേഷണം നടത്താൻ കഴിയാത്ത കാലത്തോളം ജീവൻെറ യാഥാർത്ഥ്യം കണ്ടെത്തുന്നതിൽ ശാസ്ത്രം എന്നും ഇരുട്ടിൽത്തന്നെയായിരിക്കുമെന്നതു വ്യക്തമാണ്.

എന്നാൽ നമ്മുടെ പ്രതിസന്ധി അവിടെയൊതുങ്ങുന്നില്ല; അവിടെനിന്നും ബഹുദൂരം മുമ്പോട്ടു പോവുന്നു.

മാനവതയുടെ യാഥാർത്ഥ്യം കണ്ടെത്തി, മനുഷ്യനു് ജീവിതനിയമം നിർണ്ണയിച്ചുകൊടുക്കുന്ന ഉത്തരവാദിത്വം ഒരാളും ഏറെറടുക്കുന്നു എന്നു സങ്കല്പിക്കുക. അതിനായി അദ്ദേഹം മനുഷ്യൻെറ വാസകേന്ദ്രങ്ങളിൽനിന്നു തൻെറ പഠനം തുടങ്ങുന്നു. വിവിധ സമൂഹങ്ങളുടെ അപഗ്രഥനത്തിനായി നീണ്ട കാലം വിനിയോഗിച്ചശേഷം, 'മനുഷ്യന്മാരുടെ കൂട്ടത്തിനാണ് സമൂഹമെന്നു പറയുന്ന'തെന്നു് അവൻ മനസ്സിലാക്കുന്നു. വ്യക്തിയെ പഠിക്കാതെ എങ്ങിനെ സമൂഹത്തെ പഠിക്കാൻ കഴിയും? അപ്പോൾ സമൂഹത്തെ കയ്യൊഴിച്ച് വ്യക്തിയെ പഠിക്കാനിറങ്ങുന്നു. അതിന്നായി അതീന്ദ്രിയ ശാസ്ത്രമാണ് ആദ്യമായി ആസ്പദിക്കുന്നതു്. അപ്പോൾ അതീന്ദ്രിയശാസ്ത്രത്തിനു് ഒരേകീകൃത ദർശനമല്ല, പ്രത്യുത അതിന്നും വിവിധ ശാഖകളുണ്ടെന്നും അവയുടെയെല്ലാം ഗവേഷണഫലങ്ങളും വിഭിന്നമാണെന്നും മനസ്സിലാവുന്നു.

അതീന്ദ്രിയശാസ്ത്രത്തിൻെറ ഒരു ശാഖയുടെ വാദമനുസരിച്ച് മനുഷ്യൻെറ നിഖില പ്രവർത്തനങ്ങളുടെയും കേന്ദ്രം അവൻെറ പഞ്ചേന്ദ്രിയങ്ങളാണ്. മനുഷ്യൻ ബാഹ്യലോകത്തുനിന്നു ബോധപൂർവ്വമോ അല്ലാതെയോ സ്വീകരിക്കുന്ന സ്വാധീനത്തിൻെറ പ്രതിക്രിയയാണ് അവൻെറ മുഴുകർമ്മങ്ങളുമെന്നു് ഒരു വിഭാഗം പറയുമ്പോൾ, ജാതിതാല്പര്യങ്ങളാണ് മുഴുവൻ കർമ്മങ്ങളുടെയും പ്രേരകമെന്നു് മററു ചിലർ പറയുന്നു.

തൻെറ'ഐഡിയലി'നെ സംരക്ഷിക്കാനുള്ള അജ്ഞാത താല്പര്യമാണ്. മനുഷ്യനെ ചലിപ്പിക്കുന്നതു് എന്നാണ് ചിലരുടെ പഠനാഭിപ്രായം. ബോധമാണ് മററു ചില ഗവേഷണാലയങ്ങളുടെ പക്ഷം പ്രസ്തുത അടിസ്ഥാനത്തിലാണ് മനുഷ്യൻെറ ആമൂലാഗ്രമായ 'ഓപ്പറേഷൻ' നടത്തുന്നതു്. വേറെ ചിലരാകട്ടെ—ബുദ്ധി, ചിന്ത എന്നിങ്ങനെ യാതൊന്നുമില്ലെന്ന അഭിപ്രായക്കാരാണ്.

മനുഷ്യൻെറ വിവിധ അവയവങ്ങളുടെ കടിഞ്ഞാൽ ഏതെങ്കിലുമൊരു ശക്തികേന്ദ്രത്തിൻെറ നിയന്ത്രണത്തിലല്ല. പ്രത്യുത മനുഷ്യൻ ഏതു ശരീരവശത്തെപ്പററി അധികം ശ്രദ്ധ പുലർത്തുന്നുവോ അതിൻെറ ഉത്തമമായ വളർച്ച സംഭവിക്കുന്നുണ്ട്. ചിലർ നല്ല നടന്മാരായിത്തീരുന്നതും മററു ചിലർ നല്ല ചിന്തകരാവുന്നതും ഈ അടിസ്ഥാനത്തിലാണ്. അതീന്ദ്രിയശാസ്ത്രത്തിൻെറ ഈ അഭിപ്രായാന്തരം വളരുകയും സത്യത്തിൽ അങ്ങിനെയൊരു ശാസ്ത്രം തന്നെയുണ്ടോ എന്നു ചോദിക്കാൻ പോലും ചിലർ മുതിരുകയും ചെയ്തിട്ടുണ്ട്.

ഭാവനകളുടെ ഈ വനാന്തരത്തിലേക്കു നോക്കി അവൻ ചിന്തിക്കു

# മാററം വേണം — ശരീഅത്തിലല്ല, മുസ്‌ലിം വ്യക്തികളിൽ

ഇന്ന് ഇന്ത്യയിൽ വളരെ ഒച്ചപ്പാടുകൾക്കും ചർച്ചകൾക്കും വിധേയമായിക്കൊണ്ടിരിക്കുകയാണ് ഇസ്ലാമിക ശരീഅത്ത്. ശരീഅത്തിൽ മാററം വരുത്തണമെന്നും അത് പഴഞ്ചനാണെന്നും ആധുനികയുഗത്തിലേക്ക് യോജിച്ചതല്ലെന്നുമുള്ള മുറവിളി ഒരു ഭാഗത്ത്. ഇസ്ലാമിക ശരീഅത്തും ഇസ്‌ലാമും എക്കാലത്തേക്കും പ്രായോഗികവും മാററത്തിരുത്തലുകൾക്കതീതവുമായ ദൈവിക മതമാണ് ഇസ്‌ലാമെന്നും ഇസ്‌ലാംമത വിശ്വാസികൾ ശക്തിയായി പ്രഖ്യാപിക്കുന്നു. ഇങ്ങനെ രണ്ടു ചേരികളായി വാദ

ന്നു— ''മനുഷ്യാസ്തിത്വത്തിന്റെ ഇതരഭാഗങ്ങളെ ജീവശാസ്ത്രപഠനത്തിനു വിധേയമാക്കുകയും അവ രണ്ടു ഫലങ്ങളും കൂടി സംയോജിപ്പിച്ച് എന്തെങ്കിലും അഭിപ്രായം സ്വരൂപിക്കാൻ കഴിയുമെന്നു ധരിക്കുകയും ചെയ്യുന്നു. ഈ അടിസ്ഥാനത്തിൽ അവൻ മനുഷ്യനെ വീക്ഷിക്കുമ്പോൾ മനുഷ്യൻ ദഹനവ്യവസ്ഥ, ശ്വാസനവ്യവസ്ഥ, രക്തചംക്രമണവ്യവസ്ഥ എന്നിത്യാദി കുറെ വ്യവസ്ഥകളുടെ സാകല്യമാണെന്നു കാണുന്നു. ചില രാസവസ്തുക്കളുടെയും അവയുടെ പരസ്പര പ്രവർത്തനപ്രതിപ്രവർത്തനങ്ങളുടെയും ഫലമായുണ്ടാവുന്ന മാററങ്ങളാണ് ഈ വ്യവസ്ഥകളുടെ നിദാനം. ശരീരത്തിന്റെ സകലവ്യവസ്ഥകളും രാസാപഗ്രഥനത്തിന്റെ (Metabolism) തന്നെ ഒരു ചിത്രമാണെന്നാണ് മനസ്സിലാവുന്നത്.

മനുഷ്യശരീരത്തിന്റെ അസ്തിത്വവും വളർച്ചയും രാസമാററത്തിന്റെ ഫലമാണെന്ന തത്വത്തിലെത്തുന്നു. അപ്പോൾ ആദ്യം മാററങ്ങളുടെ നിദാനം വിശദമായി മനസ്സിലാക്കേണ്ടതുണ്ട്. അല്ലാത്ത പക്ഷം മനുഷ്യനെ സംബന്ധിച്ച യഥാർത്ഥവും സംതൃപ്തവുമായ ജ്ഞാനം ലഭ്യമാവുകയില്ല അതിന്നായി പ്രകൃതിശാസ്ത്രത്തിന്റെയും രസതന്ത്രത്തിന്റെയും പഠനത്തിന്നായി ഒരായുഷ്ക്കാലമത്രയും വിനിയോഗിക്കുന്നു.

രസതന്ത്രത്തിന്റെയും പ്രകൃതിശാസ്ത്രത്തിന്റെയും പഠനം തന്മാത്രയിലേക്കും അവിടെനിന്ന് ആററത്തിന്റെ ഘടകങ്ങളായ ഇലക്ട്രോൺ, പ്രോട്ടോൺ എന്നിവയുടെ പഠനത്തിലേക്കുമെത്തുന്നു. ഈ പ്രപഞ്ചമഖിലവും മിന്നൽപ്പിണരുകൾ മാത്രമാണെന്ന് അവന്ന് മനസ്സിലാവുന്നു. അങ്ങിനെ പഠനം നടത്തി അവസാനം ആധുനികശാസ്ത്രത്തിന്റെ അന്ത്യഘട്ടമായ 'ന്യൂക്ലിയർ സയൻസി'ലെത്തിച്ചേരുന്നു. ഇവ്വിധത്തിൽ കണ്ടുപിടുത്തങ്ങളുടെ വിപുലമായൊരു പട്ടിക തയ്യാറാക്കാൻ കഴിഞ്ഞെങ്കിലും യാതൊരു ഫലവും ഉണ്ടാവുന്നില്ല. മനുഷ്യ യഥാർത്ഥ്യം കണ്ടെത്തി മനുഷ്യ നിയമം നിർമ്മിക്കാൻ പോയ വ്യക്തി, കണ്ടിട്ടും കാണാത്തൊരു ലോകത്ത് നഷ്ടപ്പെട്ടുപോവുന്നു. ഡോ: ജോഡി (Joad) ന്റെ വാക്കുകളിൽ പറഞ്ഞാൽ—

''കയ്യെത്താത്ത ഒരയഥാർത്ഥ വസ്തുവാണ് പുതിയ പദാർത്ഥം. സമയം, ദൂരം എന്നിവയുടെ സംയുക്തമായൊരു പ്രകടനമാവുന്നു. ഇലക്ട്രിക്ക് കരണ്ടിന്റെ ഒരു വലയോ, കാണുമ്പോഴേക്ക് മറഞ്ഞുപോവുന്ന ഊർജ്ജത്തിന്റെ ഒരു മിന്നൽപ്പിണരോ ആണത്. മിക്കപ്പോഴും, പദാർത്ഥമെന്നതിനേക്കാൾ ദ്രഷ്ടാവിന്റെ അനുഭൂതിയുടെ വ്യാപനം എന്നേ തോന്നൂ.

ജീവിതരഹസ്യം കണ്ടെത്താൻ പദാർത്ഥശാസ്ത്രത്തിൽ അന്വേഷണം നടത്തുന്നതിന്റെ ഈ വിജ്ഞേയമായ പര്യവസാനം കുറിക്കുന്നത്, മനുഷ്യന് ജീവിതരഹസ്യം കണ്ടെത്താൻ കഴിയില്ലെന്നാണ്. തന്റെ രോഗത്തിന് ചികിത്സിക്കാൻ സ്വയം കഴിയാത്തതിൽ പരിദേവനം നടത്തുന്നൊരു രോഗി ചികിത്സക്കായി ഒരു ഡോക്ടറെ സമീപിക്കേണ്ടതുണ്ടല്ലോ. അതുപോലെ പ്രകൃതിവ്യവസ്ഥയിൽ മനുഷ്യന്ന് ആവശ്യമാവുന്നൊരു വസ്തു ലഭിക്കാൻ മാർഗ്ഗമില്ലാതിരിക്കുമ്പോൾ, അതിനെ ഇന്നത്തെ രൂപത്തിൽ സൃഷ്ടിച്ച ദൈവത്തിലേക്ക് അവൻ ആവശ്യക്കാരനാവുന്നു. ജീവിതത്തിന് ഓക്സിജൻ വേണ്ടിവരികയും ആ ഓക്സിജൻ അപരിമേയമായ രൂപത്തിൽ മുഴ ഭൂഗോളത്തിലും വ്യാപിപ്പിക്കുകയും ചെയ്ത ദൈവം, മനുഷ്യനെ ജീവിതത്തിന്റെ യാഥാർത്ഥ്യം കണ്ടെത്താൻ അനിവാര്യമാക്കുകയും ആ യാഥാർത്ഥ്യങ്ങൾതന്നെ പ്രവാചകന്മാർ മുഖേന വിശദീകരിച്ചു കൊടുക്കുകയും ചെയ്തിട്ടുണ്ട്.

വിവ: മുഹമ്മദ് കൊടിയത്തൂർ

വിവാദങ്ങൾ ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു.

മതങ്ങളെ നിഷേധിക്കുകയും പുച്ഛിക്കുകയും മത വിശ്വാസികളെ ഭ്രാന്തന്മാരായി ചിത്രീകരിക്കുകയും ചെയ്യുന്നവർ മതങ്ങളും അവയിലെ ആചാരങ്ങളും അറിയാത്തവരാണെന്നും, അവർ മതങ്ങളിലെ അനാചാരങ്ങളെയും നിയമങ്ങളെയും എതിർക്കുന്നത് അവരുടെ ബുദ്ധിശൂന്യതകൊണ്ടാണെന്നും നമുക്ക മനസ്സിലാക്കാം.

എന്നാൽ ഇസ്ലാംമത വിശ്വാസികളായ മുസ്ലിംകൾ ഇത്തരുണത്തിൽ ചിന്തിക്കേണ്ടതുണ്ടു്. പെട്ടെന്നു് ഇത്തരം പ്രശ്നങ്ങൾക്കും വിവാദങ്ങൾക്കും മുസ്ലിംകൾ ഇരയായിരിക്കുന്നതെങ്ങിനെ? ഇതിൻെറ കാരണക്കാർ ആരാണു്? ഒരുതരത്തിൽ നമ്മൾ തന്നെയല്ലേ?

മാററം ആവശ്യം തന്നെയാണു്. മത നിയമങ്ങളിലല്ല, മുസ്ലിം വ്യക്തികളിലാണു് മാററം ആവശ്യമായിരിക്കുന്നതു്. മുസ്ലിംകൾ മതം ഉൾകൊണ്ടു ജീവിക്കാൻ തയ്യാറാവാത്തതാണു് കാരണം. മുസ്ലിംകൾ മത വിരുദ്ധമായ കാര്യങ്ങൾ പ്രവത്തിക്കുന്നു; അറിയുന്നവർ മൗനം പാലിക്കുന്നു. മത വിരോധികൾ തക്കം നോക്കി കല്ലെറിയുന്നു; ഇസ്ലാമിൻെറ പേരിൽ മുസ്ലിംകൾ ചെയ്യുന്ന നികൃഷ്ടമായ കാര്യങ്ങൾ അവർ എടുത്തുപൊക്കി ഇസ്ലാം മതത്തെ കരിവാരിത്തേയ്ക്കുന്നു. കൂട്ടത്തിൽ മതമറിയാത്ത മതവിശ്വാസികളെയും ഒപ്പം കൂട്ടുന്നു. അവരും മതത്തെ കല്ലെറിയുന്നു. എന്നാൽ ഇവർ മതത്തെ പഠിക്കാൻ തയ്യാറാവുന്നോ? അതില്ല. മതത്തെ നിഷേധിക്കുന്ന മതമറിയാത്തവർ മതത്തിലെ അനാചാരങ്ങൾ കണ്ടുപിടിച്ചിരിക്കുന്നു. എന്തൊരത്ഭുതം! ആചാരം അറിയാത്തവർ അനാചാരം കണ്ടുപിടിക്കുന്നു! അത്തരം ആക്ഷേപങ്ങളെയും വിമശ്ശങ്ങളെയും നമുക്ക് അവ അർഹിക്കുന്ന രീതിയിൽ പുച്ഛിച്ചു തള്ളാം.

എന്നാൽ ഇന്നത്തെ മുസ്ലിം സമുദായം പൂണ്ണമായും മതാധിഷ്ഠിതമാണോ? അല്ലെന്നു പറയുമ്പോൾ എന്തെന്നില്ലാത്ത നൊമ്പരം ഹൃദയത്തിലുണ്ടാവുന്നു. എന്നാൽ സഹിക്കവയ്യാത്ത ഹൃദയവേദനയോടെതന്നെ ഈ നഗ്നസത്യത്തെ അംഗീകരിക്കേണ്ടിവരുമെന്നാണു് തോന്നുന്നത്. കാരണം, അത്രയ്ക്കും അനാശാസ്യമാണു് ഇസ്ലാമിനോടുള്ള മുസ്ലിം സമൂഹത്തിൻെറ സമീപനം. ഇസ്ലിക ജീവിതത്തിലൂടെ നീങ്ങണമെന്ന കാര്യത്തിൽ അശ്രദ്ധരായി കഴിയുന്നവരാണു് വളരെയധികം മുസ്ലിംകൾ. അല്ലാമാ ഇഖ്ബാൽ തൻെറ കവിതയിൽ ഉണർത്തുന്നു: "ബാങ്കുവിളി എങ്ങും കേൾക്കാനുണ്ടു്; എന്നാൽ നിങ്ങളുടെ ഭൂമിയിൽ ബിലാലി (റ)ൻെറ ആത്മാവില്ല. തത്വജ്ഞാനം പ്രചരിപ്പിക്കുന്ന പതിവുണ്ടെങ്കിലും ഈ ഭൂമിയിൽ ഇമാം ഗസ്സാലി (റ)യുടെ ജീവനില്ല."

ഈ വാക്കുകൾ അത്ഥഗർഭമല്ലേ? നമ്മുടെ നാട്ടിൽ ധാരാളം പള്ളികൾ മനോഹരമായി പല ഫേഷനുകളിലും ഉയരുന്നുവെങ്കിലും മിക്കയിടത്തും അവിടേയ്ക്കു നിശ്ചയിക്കപ്പെട്ട മുസ്ലിയാരും മുല്ലാക്കയും മാത്രമേ നമസ്കരിക്കാൻ ഉണ്ടാവാറുള്ളൂ എന്ന വസ്തുത ഖേദകരമല്ലേ?

യഥാത്ഥ ഈമാൻ മനസ്സിൽ അങ്കുരിക്കാത്തതുകൊണ്ടു് തൻെറ വിശ്വാസവും ആദർശവും അപരൻെറ മുമ്പിൽ അടിയറ വെയ്ക്കുന്ന എത്രയോ മുസ്ലിം നാമധാരികളില്ലെന്നു പറയാൻ സാധ്യമല്ല.

ഇസ്ലാമിലെ നിർബന്ധ അനുഷ്ഠാന കമ്മങ്ങളിൽനിന്നു് എന്തുകൊണ്ടോ മുസ്ലിംകൾ അകന്നുപോകുന്നു. നിർഭാഗ്യകരമായ ഈ പ്രവണതയുടെ ഗൗരവം മനസ്സിലാക്കാത്ത ജീവിതമാണു് നമ്മുടെ പ്രിയ സഹോദരങ്ങളിൽ മിക്കവരും തുടരുന്നത്. പരമ്പരാഗതമായി ഇസ്ലാമിൻെറ പരിധിയിൽ വന്നുവീണവരാണു് മുസ്ലിംകളിൽ അധികപേരും. "നേരായ മാഗ്ഗം" എന്ന നിലയിൽ അല്ലെങ്കിൽ "ഏക രക്ഷാമാഗ്ഗം" എന്ന നിലയ്ക്കു് ഇസ്ലാമിൽ പ്രവേശിക്കുകയും കരുതിക്കൂട്ടി മുസ്ലിംകളായി ജീവിക്കുകയും ചെയ്യുന്നവർ ഇവരിൽ ഇന്നു് എത്രപേരുണ്ടു്? അകലെ അങ്ങാടിയിൽപ്പോയിവരുമ്പോഴെയ്ക്കും ഒരു നേരത്തെ നമസ്കാരവും, അല്പം അസൗകര്യം നേരിട്ടാൽ ഒരു ദിവസത്തെ നോമ്പും ഒഴിവാക്കുന്നവൻ തീത്തും പ്രതികൂലമായ സാഹചര്യത്തിൽ ഇസ്ലാമിനോടു് എത്രത്തോളം കൂറുകാണിക്കും?

മുസ്ലിം രാഷ്ട്രീയ–സാംസ്കാരിക–സാമൂഹിക സംഘടനകളിൽ ഒട്ടുമിക്കതും അവയുടെ പ്രവർത്തകർ ഇസ്ലാമിൻെറ വിധി വിലക്കുകൾ അനുസരിച്ചു ജീവിതം തിട്ടപ്പെടുത്തണമെന്നു് സംഘടനാതലത്തിൽ കർശനമായി നിർബന്ധിക്കുന്നില്ല. മിക്ക സംഘടനയുടെയും ഭരണഘടനയിലും ഇസ്ലാമികാനുഷ്ഠാനകർമ്മങ്ങളെക്കുറിച്ചു മൗനം പാലിക്കുന്നു.

ഇനി ശബ്ദിച്ചാൽത്തന്നെ അതുകൊണ്ടു മാത്രം നമ്മുടെ പ്രവർത്തകരെ–യുവാക്കളെ-ഇസ്ലാമിക കർമ്മാനുഷ്ഠാനമുറയുടെ കാര്യത്തിൽ നിർബന്ധമുള്ളവരാക്കാൻ സാധിക്കുമേ? നമസ്കാരം, നോമ്പ് മുതലായവയുടെ കാര്യത്തിൽ കാക്ശ്യവും കൃത്യനിഷ്ഠയും യുവാക്കളിൽ നിലനിൽക്കണമെങ്കിൽ ആ ശീലം ബാല്യത്തിൽത്തന്നെ ഊട്ടിയുറപ്പിച്ചേ പററൂ. അല്ലാത്തപക്ഷം ജീവിതാവസാനം വരെ ആ വൈകല്യം തുടരും. അതുകൊണ്ടു തന്നെയാണു് ഇസ്ലാം രക്ഷിതാക്കളോടു് കുട്ടികളെ ഏഴാമത്തെ വയസ്സിൽ ഇത്തരം കാര്യങ്ങൾ ശീലിപ്പിക്കുവാൻ കല്പിക്കുന്നത്. എന്നാൽ ഈ പ്രേരണ വേണ്ട വിധത്തിൽ ഫലിക്കണമെങ്കിൽ രക്ഷിതാക്കൾ ജീവിതത്തിൽ അവ അനുഷ്ഠിക്കുന്നവരാകണം. അതില്ലാത്ത രക്ഷിതാവിൻെറ പ്രേരണയ്ക്കു് എത്രമാത്രം പ്രസക്തിയും സാധൂകരണവും ആത്മാത്ഥതയും ഉണ്ടാകുമെന്നു് ഊഹിച്ചാൽ മതി. ഇക്കാര്യത്തിൽ മാതാപിതാക്കൾക്കു് വലിയതായ ബാധ്യതയുണ്ടെന്നു മനസ്സിലാക്കിയ രക്ഷിതാക്കൾ എത്രയു